
# മാഞ്ഞൂർ ഗ്രാമപഞ്ചായത്ത്

# പൗരാവകാശരേഖ
# 2023-2024



ഒരു ഉപഭോക്താവാണ് നമ്മുടെ സ്ഥാപനത്തിലെത്തുന്ന ഏറ്റവും പ്രധാന സന്ദർശകൻ. അദ്ദേഹം നമ്മുടെ ആശ്രിതനല്ല, നമ്മൾ അദ്ദേഹത്തെയാണ് ആശ്രയിക്കുന്നത്. അദ്ദേഹം നമ്മുടെ ജോലിക്ക് തടസ്സമല്ല. അദ്ദേഹമാണ് നമ്മുടെ ജോലിക്കാധാരം. അദ്ദേഹം നമ്മുടെ ജോലിക്ക് പുറത്ത് നിൽക്കുന്ന വ്യക്തിയല്ല, ജോലിയുടെ ഭാഗമാണ്. അദ്ദേഹത്തെ സേവിക്കുന്നതിലൂടെ നമ്മൾ അദ്ദേഹത്തിന് ഒരു ഉപകാരം ചെയ്യുകയല്ല, അങ്ങനെ ചെയ്യുന്നതിന് ഒരു അവസരം തന്ന് അദ്ദേഹം നമുക്ക് ഉപകാരം ചെയ്യുകയാണ്.

-മഹാത്മാഗാന്ധി-



# പൗരാവകാശരേഖ

മാന്യരെ,

1992-ലെ ഭരണഘടനാ ഭേദഗതിയിലൂടെ പഞ്ചായത്തുകൾക്ക് സ്വയം ഭരണ സ്ഥാപനമായി പ്രവർത്തിക്കുവാൻ സാധ്യമാകത്തക്കവിധമുള്ള അധികാരങ്ങളും അധികാരശക്തിയും നൽകപ്പെട്ടു. ഭരണഘടനയുടെ 11-ാം പട്ടികയിൽ പറഞ്ഞിട്ടുള്ള സംഗതികളെ സംബന്ധിച്ച് പദ്ധതികൾ തയ്യാറാക്കുന്നതിനും അത് നടപ്പാകുന്നതിനുംവേണ്ടി അങ്ങനെയുള്ള പഞ്ചായത്തുകളെ ഭരണമേൽപ്പിക്കുവാൻ വേണ്ടിയായിരുന്നു ഭരണഘടന ഭേദഗതി. ഇതിന്റെ ചുവടുപിടിച്ച് 1994-ൽ കേരള പഞ്ചായത്ത്രാജ് ആക്ട് നിലവിൽ വരികയും അധികാര വികേന്ദ്രീകരണം സാർത്ഥമാവുകയും ചെയ്തു. പിന്നീട് 1995, 96, 98, 99, 2000 വർഷങ്ങളിൽ ആക്ടിന് നിരവധി ഭേതഗതികൾ ഉണ്ടാവുകയും അതിൽ 1999-ലെ 13-ാം ആക്ട് പ്രകാരം പൗരന്മാർക്കുള്ള അവകാശങ്ങൾ പ്രസിദ്ധപ്പെടുത്തേണ്ടതാണെന്ന 272 എ എന്ന വകുപ്പ് കൂട്ടിച്ചേർക്കപ്പെടുകയുമുണ്ടായി. പഞ്ചായത്ത്തല സേവനം ലഭ്യമാക്കുന്നവിധം അവ ലഭിക്കുന്നതിനുവേണ്ട സമയപരിധിയേയും സംബന്ധിച്ച് ഒരു രൂപരേഖ തയ്യാറാക്കി. പൗരവകാശരേഖ എന്ന പേരിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണെന്നും നിഷ്കർഷിച്ചിരുന്നു. ഇതിൻപ്രകാരം 2009-ൽ മാഞ്ഞൂർ ഗ്രാമ പഞ്ചായത്തിന്റെ പൗരവകാശരേഖ പ്രസിദ്ധീകരിക്കുകയുണ്ടായി. എന്നാൽ പിന്നീട്, നൽകുന്ന സേവനങ്ങളുടെ മേഖലയിലും എണ്ണത്തിലും വ്യാപ്തിയിലും വ്യതിയാനം സംഭവിച്ചുവെങ്കിലും പൗരവകാശരേഖയിൽ ഇവ ഉൾപ്പെടുത്തിയിരുന്നില്ല. 02-07-2009 ലെ K.D.(1) 123/09/ ത സ്വ.ഭ.വ. ഉത്തരവിലൂടെ സംസ്ഥാനത്തെ എല്ലാ ഗ്രാമ പഞ്ചായത്തുകളിലും ഫ്രണ്ട് ഓഫീസ് സംവിധാനം നിലവിൽ വന്നിട്ടുള്ളതാണ്. പഞ്ചായത്തിനെ സമീപിക്കുന്ന ഏതൊരാൾക്കും സമയബന്ധിതമായി സേവനം ലഭ്യമാക്കും എന്ന ഒരു ഉറപ്പും അപേക്ഷകൾക്കും പരാതികൾക്കും കൈപ്പറ്റുരസീതും നൽകുന്നു. ഇപ്രകാരം കാലിക മാറ്റങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പൗരവകാശരേഖ പൊതുജനസമക്ഷം സമർപ്പിച്ചുകൊള്ളുന്നു.

വിശ്വസ്തതയോടെ,

| | |
|---|---|
| ഒപ്പ് | ഒപ്പ് |
| **കോമളവല്ലി രവീന്ദ്രൻ** | **ബിജു സെബാസ്റ്റ്യൻ** |
| പ്രസിഡന്റ് | വൈസ് പ്രസിഡന്റ് |

**മാഞ്ഞൂർ**

24-04-2023

# മാഞ്ഞൂർ ഗ്രാമപഞ്ചായത്ത്

## പൊതുവിവരങ്ങൾ

| | | |
|---|---|---|
| ജില്ല | - | കോട്ടയം |
| താലൂക്ക് | - | വൈക്കം |
| ജില്ലാ പഞ്ചായത്ത് | - | കോട്ടയം |
| ബ്ലോക്ക് പഞ്ചായത്ത് | - | ഉഴവൂർ |
| പാർലമെന്റ്,നിയോജകമണ്ഡലം | - | കോട്ടയം |
| അസംബ്ലി നിയോജകമണ്ഡലം | - | കടുത്തുരുത്തി |
| വില്ലേജ് ആഫീസുകൾ | - | മാഞ്ഞൂർ,കോതനല്ലൂർ |
| വിസ്തീർണ്ണം | - | 28.98 ച. കി. മീ. |
| വാർഡ് | - | 18 |
| ജനസംഖ്യ | - | 34480 (2011-ലെ ജനസംഖ്യ സെൻസസ്) |
| ജനസാന്ദ്രത | - | 1181 |
| എസ്.സി കുടുംബങ്ങൾ | - | 364 |
| എസ്. റ്റി. കുടുംബങ്ങൾ | - | 12 |

## അതിരുകൾ

| | | |
|---|---|---|
| വടക്ക് | - | കടുത്തുരുത്തി പഞ്ചായത്ത് |
| കിഴക്ക് | - | കുറവിലങ്ങാട് പഞ്ചായത്ത് |
| തെക്ക് | - | കാണക്കാരി പഞ്ചായത്ത് |
| പടിഞ്ഞാറ് | - | കല്ലറ, നീണ്ടൂർ പഞ്ചായത്തുകൾ |

# മാഞ്ഞൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതി

| | | | |
|---|---|---|---|
| 1. | കോവളവല്ലി രവീന്ദ്രൻ | : | പ്രസിഡന്റ് |
| 2. | ബിജു സെബാസ്റ്റ്യൻ | : | വൈസ് പ്രസിഡന്റ് |
| 3. | സാലിമ്മ ജോളി | : | ചെയർമാൻ (വികസന കാര്യ സ്റ്റാൻഡിംഗ് കമ്മറ്റി) |
| 4. | ചാക്കോ മത്തായി | : | ചെയർപേഴ്സൺ (ക്ഷേമ കാര്യ സ്റ്റാൻഡിംഗ് കമ്മറ്റി) |
| 5. | ജെയ്നി തോമസ് | : | ചെയർമാൻ(ആരോഗ്യ /വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മറ്റി) |
| 6. | പ്രത്യുഷ സുര | : | മെമ്പർ (വാർഡ് - 1) |
| 7. | ടോമി കാറുകുളം | : | മെമ്പർ (വാർഡ് - 2) |
| 8. | ആൻസി സിബി | : | മെമ്പർ (വാർഡ് - 3) |
| 9. | ലിസി ജോസഫ് | : | മെമ്പർ (വാർഡ് - 4) |
| 10. | ബിനോ സഖറിയാസ് | : | മെമ്പർ (വാർഡ് - 8) |
| 11. | ബിനോയ് ഇമ്മാനുവൽ | : | മെമ്പർ (വാർഡ് - 9) |
| 12. | മഞ്ജു അനിൽ | : | മെമ്പർ (വാർഡ് - 10) |
| 13. | സാലിമോൾ ജോസഫ് | : | മെമ്പർ (വാർഡ് - 11) |
| 14. | സുനു ജോർജ്ജ് | : | മെമ്പർ (വാർഡ് - 12) |
| 15. | മിനി സാബു | : | മെമ്പർ (വാർഡ് - 13) |
| 16. | ആനിയമ്മ ജോസഫ് | : | മെമ്പർ (വാർഡ് - 16) |
| 17. | നിധീഷ് ടി.എൻ | : | മെമ്പർ (വാർഡ് - 17) |
| 18. | എൽസമ്മ ബിജു | : | മെമ്പർ (വാർഡ് - 18) |

## നിർവ്വഹണ ഉദ്യോഗസ്ഥർ

| | | | |
|---|---|---|---|
| 1. | മാർട്ടിൻ ജോർജ്ജ് | : | സെക്രട്ടറി ഗ്രാമപഞ്ചായത്ത് |
| 2. | സലിൻ പി.ആർ | : | കൃഷി ഓഫീസർ |
| 3. | ദിവ്യ ദാസൻ | : | വി.ഇ.ഒ |
| 4. | ദേവി എസ്. കുമാർ | : | എൽ.വി.ഇ.ഒ |
| 5. | ഷിനോയി തോമസ് | : | എച്ച്.എം.ഗവ.എൽ.പി.എസ് |
| 6. | ഡോ. ജെൻസി എ. ജെ. | : | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം |
| 7. | ഡോ. അനു ജോസഫ് കെ. | : | മെഡിക്കൽ ഓഫീസർ, ഹോമിയോ |
| 8. | ഡോ.സുഷാന്ത് പി. എസ്. | : | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി |
| 9. | ഡോ. ബിനി ജോയി | : | വെറ്ററിനറി സർജൻ |
| 10. | അനീഷ് റ്റി. എ. | : | അസി.എഞ്ചിനീയർ എൽ.എസ്.ജി.ഡി |
| 11. | ഗൗരിപ്രിയ കെ. | : | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 12. | സിബിമോൻ ബി. | : | ഡയറി എക്സ്റ്റൻഷൻ ഓഫീസർ |
| 13. | രശ്മി പി. രാജൻ | : | അസി.ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ |
| 14. | റീന വർഗീസ് | : | അസി.സെക്രട്ടറി. |
| 15. | രാജശ്രീ വി. | : | ജൂനിയർ സൂപ്രണ്ട് |



# പൗരാവകാശ രേഖ പ്രഖ്യാപനം

പ്രാബല്യം 2021 സെപ്തംബർ5 മുതൽ ഈ രേഖയിൽ പറയുന്ന സേവനങ്ങളും സഹായങ്ങളും മാഞ്ഞൂർ ഗ്രാമ പഞ്ചായത്തിലെ പൗരന്മാർക്ക് സമയബന്ധിതമായി ലഭ്യമാക്കുന്നത്.

കേരള പഞ്ചായത്ത് രാജ് ആക്ട് - 272 എ വകുപ്പ് പ്രകാരം രേഖയിൽ പറയുന്ന ക്ഷേമ പദ്ധതികൾ സർക്കാരിന്റെ കാലകാലങ്ങളിലെ നിബന്ധനകൾക്കും നിയന്ത്രണ ങ്ങൾക്കും വിധേയമാണ്. ധനസഹായ ബന്ധപ്പെട്ട ഏജൻസിൽ നിന്നും ലഭ്യമാകുന്ന മുറയ്ക്ക് വിതരണം ചെയ്യപ്പെടുന്നതാണ്.

# ഗ്രാമ പഞ്ചായത്തിൽ നിന്നും ലഭ്യമാകുന്ന സേവനങ്ങൾ

* **കെട്ടിടത്തിന്റെ ഉടമസ്ഥാവകാശ (3 പ്രവർത്തി ദിവസം) / റെസിഡൻഷ്യൽ സർട്ടിഫിക്കറ്റ്** (7 പ്രവൃത്തി ദിവസം)

**നിബന്ധനകൾ**

1. അപേക്ഷ (നിശ്ചിത മാതൃകയിലുള്ളത്)
2. അപേക്ഷയിൽ 5 രൂപയുടെ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ചിരിക്കണം
3. വസ്തു നികുതി ഒടുക്കിയ രസീത്.

* **കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം മാറ്റുന്നതിന്** (സമയ പരിധി 45 ദിവസം) (ഉപാധികളോടെ)

1. അപേക്ഷ 5 രൂപയുടെ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ചത് 2
2. മുൻ കെട്ടിട ഉടമയുടെ / ഉടമകളുടെ അപേക്ഷ
3. ആധാരം, ഭൂനികുതി രസീത് എന്നിവയുടെ പകർപ്പ്.
4. സബ് രജിസ്ട്രാറുടെ ഫോറം 59 ലുള്ള സാക്ഷ്യപത്രം സംയുക്ത അപേക്ഷ ഇല്ലെങ്കിൽ രജിസ്റ്റർ പ്രകാരമുള്ള ഉടമസ്ഥന് നോട്ടീസ് നൽകി ആക്ഷേപം പരിഗണിച്ചതിന് ശേഷം നടപടി.

* **ജനന/മരണ രജിസ്ട്രേഷൻ**

**നിബന്ധനകൾ**

1. വീട്ടിൽ വച്ച് നടക്കുന്ന ജനനം/ മരണം വീട്ടിലെ മുതിർന്ന അംഗം 21 ദിവസങ്ങൾക്കകം നിശ്ചിത ഫോറത്തിൽ ഗ്രാമപഞ്ചായത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്. ആശുപത്രിയിൽ വച്ച് നടക്കുന്ന ജനന മരണങ്ങൾ ആശുപത്രി അധികൃതരും മറ്റ് സ്ഥലങ്ങളിലാണെങ്കിൽ അവയുടെ ഉടമകളും റിപ്പോർട്ട് സമർപ്പിക്കണ്ടതാണ്.
2. ദത്തെടുക്കപ്പെട്ട കുട്ടികളുടെ ജനന രജിസ്ട്രേഷൻ - ദത്തെടുത്ത മാതാപിതാക്കളുടെ പേര് ഉൾപ്പെടുത്തിയും ആവശ്യമെങ്കിൽ കുട്ടിയുടെ പേരിൽ മാറ്റം വരുത്തിയ സർട്ടിഫിക്കറ്റ് അനുവദിക്കുറ്റ് അനുവദിക്കാവുന്നതാണ്.കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ അഡോപ്റ്റീവ് പേരന്റ്സിന്റെ പേര് മാതാപിതാക്കളുടെ പേര് ഉൾപ്പെടുത്തി നല്കേണ്ടതാണ്.
3. വിദേശത്തു നടന്ന ജനനമരണ രജിസ്ട്രേഷൻ സംബന്ധിച്ച് ഇന്ത്യൻ പൗരന്മാർക്ക് ഇന്ത്യക്ക് വെളിയിലുള്ള എല്ലാ ജനനവും മരണവും ഇന്ത്യൻ കോൺസുലേറ്റിൽ രജിസ്ട്രർ ചെയ്യാവുന്നതാണ്.

താമസിച്ചുള്ള ജനനവും ജനന/മരണ രജിസ്ട്രേഷൻ (അനുമതി ലഭിച്ചതിനുശേഷം 7 പ്രവൃത്തി ദിവസം)

**നിബന്ധനകൾ**

1. മുപ്പതു ദിവസം വരെ സെക്രട്ടറി രജിസ്റ്റർ ചെയ്യുന്നതാണ് .(ഫീസ് 2 രൂപ)
2. ഒരു വർഷം വരെ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ പ്രത്യേക അനുമതിയോടെ (ഫീസ് 5 രൂപ)
3. ഒരു വർഷത്തിനു മുകളിൽ റവന്യു ഡിവിഷണൽ ഓഫീസറുടെ അനുനതിയോടെ (ഫീസ് 10 രൂപ)

* **ജനന/മരണ സർട്ടിഫിക്കറ്റുകൾ** (സമയപരിധി 7 പ്രവൃത്തി ദിവസം ഫീസ് 7 രൂപ)

**നിബന്ധനകൾ**

നിശ്ചിത ഫോറത്തിലുള്ള അപേക്ഷ, 5 രൂപയുടെ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച് 50 രൂപയുടെ മുദ്രപ്പത്രം സഹിതം.

* **ജനന രജിസ്റ്ററിൽ പേരു ചേർക്കൽ**

(സമയപരിധി 7 പ്രവർത്തി ദിവസം, ഫീസ് 5 രൂപ)

**നിബന്ധനകൾ**

1. ചേർക്കേണ്ട പേര് ഇംഗ്ലീഷിലും (വലിയ അക്ഷരത്തിൽ) മലയാളത്തിലും വ്യക്തമായി എഴുതിയിട്ടുള്ളതും കുട്ടിയുടെ മാതാവും പിതാവും പേരെഴുതി ഒപ്പിട്ടിട്ടുള്ളതുമായ നിശ്ചിത മാതൃകയിലുള്ള സംയുകിത അപേക്ഷ.
2. രജിസ്ട്രേഷൻ തീയതി കഴിഞ്ഞ് ഒരു വർഷത്തിനുശേഷമാണ് അപേക്ഷ സമർപ്പിക്കുന്നതെങ്കിൽ,
3. അപേക്ഷ തിയതിയിൽ കുട്ടിയുടെ പ്രായം ആറു വയസ്സ് കഴിഞ്ഞെങ്കിൽ

എ) മാതാപിതാക്കൾക്ക് ജനിച്ചിട്ടുള്ള എല്ലാ കുട്ടികളുടെയും പേര് ,ജനനതിയതി,ജനനക്രമം എന്നിവ വ്യക്തമാക്കുന്ന നിശ്ചിത ഫോറത്തിലുള്ള സത്യവാങ്മൂലം മാതാപിതാക്കൾ ഒപ്പിട്ട് നൽകണം

ബി) കുട്ടി പഠിക്കുന്ന സ്കൂളിലെ മേലധികാരിയിൽ നിന്നും കുട്ടിയുടെ സ്കൂൾ മേഖലയിലെ പേര്, ജനനതീയതി, മാതാപിതാക്കളുടെ പേര് എന്നിവ കാണിക്കുന്ന സാക്ഷ്യപത്രം.

സി) സ്കൂൾ രേഖയിലെ ജനന തീയതിയും ജനന രജിസ്റ്ററിലെ ജനന തീയതിയും തമ്മിൽ പത്തുമാസമോ അതിലധികമോ വ്യത്യാസമുണ്ടെങ്കിൽ ജില്ലാ രജിസ്ട്രാർക്ക ഉള്ള അപേക്ഷ (രണ്ട് പകർപ്പ്)

(1) മാതാപിതാക്കളുടെ ജീവിച്ചിരിക്കുന്നതും മരിച്ചുപോയതുമായ എല്ലാ കുട്ടികളുടെയും ജനനതീയതി തെളിയിക്കുന്ന രേഖ (സ്കൂൾ രേഖ, ജനന സർട്ടിഫിക്കറ്റ്, ആശുപത്രി രേഖ ഇവയിൽ ഏതെങ്കിലും)

* **വിവാഹ രജിസ്ട്രേഷൻ (വിവാഹ പൊതുചട്ടങ്ങൾപ്രകാരം)**

പഞ്ചായത്തിന്റെ അധികാര പരിധിക്കുള്ളിൽ വച്ച് നടന്ന വിവാഹങ്ങൾ മാത്രം - 45 ദിവസത്തിനുള്ളിൽ റിപ്പോർട്ട് ചെയ്യണം. (സമയപരിധി 7 പ്രവൃത്തി ദിവസം)

**നിബന്ധനകൾ**

1. മെമ്മോറാണ്ടം നിശ്ചിത ഫോറത്തിൽ (രണ്ട് പകർപ്പ്)
2. ഭാര്യയുടെയും ഭർത്താവിന്റെയും പാസ്പോർട്ട് സൈസ് ഫോട്ടോ 2 എണ്ണം വീതം
3. വയസും മേൽവിലാസവും തെളിയിക്കുന്നതിനുള്ള രേഖ (1) ജനന സർട്ടിഫിക്കറ്റ് (2) സ്കൂൾ സർട്ടിഫിക്കറ്റ് (3) പാസ്പോർട്ട് (4) ഡ്രൈവിംഗ് ലൈസൻസ്.
4. മതപരമായ വിവാഹമാണെങ്കിൽ /സ്റ്റാറ്റ്യൂട്ടറി നിയമപ്രകാരമാണെങ്കിൽ ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നുമുള്ള സാക്ഷ്യപത്രം.
5. രജിസ്ട്രേഷൻ ഫീസ് 100 രൂപ, സർട്ടിഫിക്കറ്റ് ഫീസ് 20 രൂപ.

   വിവാഹം നടന്ന് 45 ദിവസത്തിനുശേഷം 5 വർഷത്തിനകം.

   രജിസ്ട്രേഷൻ ഫീ -100 രൂ.

   പിഴ-100 രൂ., സർട്ടിഫിക്കറ്റ് ഫീ-20 രൂ., (സമയപരിധി 7 പ്രവൃത്തി ദിവസം)

**നിബന്ധനകൾ**

1. രജിസ്ട്രാർക്കുള്ള അപേക്ഷയും മുകളിൽ പറഞ്ഞിട്ടുള്ളവയും
2. ഫോറം നമ്പർ രണ്ടിലെ തെളിവ് (എം. പി. എം. എൽ. എ. ഗസറ്റഡ് ഓഫീസർ, പഞ്ചായത്ത് മെമ്പർ എന്നിവരിലാരെങ്കിലും സാക്ഷ്യപ്പെടുത്തിയത്)
3. 100 രൂപ പിഴ

വിവാഹം നടന്ന് 5 വർഷത്തിനുശേഷം (അനുമതി ലഭിച്ച് 7 പ്രവൃത്തി ദിവസം)

**നിബന്ധനകൾ**

1. രജിസ്ട്രാർ ജനറലായ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ അനുവാദത്തിനായുള്ള അപേക്ഷയും മുകളിൽ പറഞ്ഞിട്ടുള്ളവയും.
2. ഫോറം നമ്പർ രണ്ടിലുള്ള തെളിവ്
3. 250 രപ പിഴ (അനുമതി ലഭിച്ചശേഷം)

കുറിപ്പ്: രജിസ്ട്രാർ നടപടി പൂർത്തിയാക്കുന്നതിന് ഭാര്യാഭർത്താന്മാർ രജിസ്ട്രാർ മുമ്പാകെ നേരിട്ട് ഹാജരായി വിവാഹ രജിസ്റ്ററിൽ ഒപ്പ് രേഖപ്പെടുത്തണം.

* **കെട്ടിട നിർമ്മാണ പെർമിറ്റ്**

(സമയപരിധി 15 ദിവസം. ആപ്ലിക്കേഷൻ ഫീസ് 100 $M^2$ വരെ 300 രൂപ., 101-330 $M^2$ വരെ. 1000/ നും 300 $M^2$ മുകളിൽ 3000/-ൽ കൂടി

പെർമിറ്റ് ഫീസ് റൂൾ അനുസരിച്ച്

60 $M^2$ മുകളിൽ സകേതം സോഫ്റ്റ്‌വെയർ ഉപയോഗിച്ച് ഇ-ഫയൽ ചെയ്യണം.

**നിബന്ധനകൾ**

1. നിശ്ചിത ഫോറത്തിലുള്ള അപേക്ഷ (5 രൂപയുടെ കോർട്ട് ഫീ സ്റ്റാമ്പ് പതിപ്പിച്ചത്)
2. ആധാരത്തിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്
3. കരം ഒടുക്കിയ രസീതിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്
4. കൈവശാവകാശ സർട്ടിഫിക്കറ്റ്
5. കെട്ടിടത്തിന്റെ പ്ലാൻ, സൈറ്റ് പ്ലാൻ, എലിവേഷൻ (3 കോപ്പി)
6. വില്ലേജ് ഓഫീസറുടെ ലൊക്കേഷൻ സ്കെച്ച്
7. ലൈസൻസിയുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ പകർപ്പ്
8. രജിസ്റ്റേർഡ് തപാലിൽ പെർമിറ്റ് അയച്ചു തരുന്നതിനാവശ്യമായ പോസ്റ്റൽ സ്റ്റാമ്പ് പതിച്ച കവർ.
9. ആധാരം / പട്ടയം പ്രകാരം ഏതെങ്കിലും അതിര് പുഴ പുറമ്പോക്ക് /റവന്യൂ ഭൂമി/ ഫോറസ്റ്റ് ഭൂമി /EFL ഭൂമി / പഞ്ചായത്ത് ഭൂമി/സർക്കാർ ഭൂമി /ദേശീയ പാത / റോഡ്/പഞ്ചായത്ത് നോട്ടിഫൈ ചെയ്ത റോഡ് മുതലായവയുമായി ബന്ധപ്പെടുന്നുണ്ടെങ്കിൽ സർവ്വെ സ്കെച്ച്.

* **കെട്ടിട നമ്പർ നൽകൽ**

1. അപേക്ഷ (5 രൂപ കോർട്ട്ഫീ സ്റ്റാമ്പ് ഒട്ടിച്ചത്)
2. ഫോറം 2 റിട്ടേൺ
3. ബിൽഡിംഗ് പെർമിറ്റ് കോപ്പി
4. അപ്രൂവ്ഡ് പ്ലാൻ
5. കംപ്ലീഷൻ സർട്ടിഫിക്കറ്റ്
6. കംപ്ലീഷൻ പ്ലാൻ

* **കെട്ടിട ഉടമസ്ഥാവകാശം കൈമാറ്റം ചെയ്യൽ**

1. അപേക്ഷകന്റെയും മുൻ ഉടമയുടെയും സംയുക്ത അപേക്ഷ (5 രൂപ കോർട്ട്ഫീ സ്റ്റാമ്പ് പതിച്ചിരിക്കണം.)
2. മുൻ ഉടമ മരിച്ചെങ്കിൽ മരണസർട്ടിഫിക്കറ്റ് ഹാജരാക്കണം.
3. ആധാരം കോപ്പി (ഒറിജിനൽ ഹാജരാക്കണം.)
4. കൈവശ സർട്ടിഫിക്കറ്റ്
5. 1500/- ഫീസ് ആവശ്യമെങ്കിൽ

* **വാസയോഗ്യമായ വീടില്ല എന്ന സർട്ടിഫിക്കറ്റ് (സമയപരിധി 7 ദിവസം)**

**നിബന്ധനകൾ**

1. അപേക്ഷകന്റെയോ ഭാര്യയുടെയോ പ്രായപൂർത്തിയാകാത്ത കുടുംബാംഗങ്ങളുടെയോ പേരിൽ വാസയോഗ്യമായ വീട് ഇല്ലാതിരിക്കണം.
2. 5 രൂപയുടെ കോർട്ട്ഫീ സ്റ്റാമ്പ് പതിച്ച് അപേക്ഷ.

* **കെട്ടിടത്തിന്റെ ഏജ് സർട്ടിഫിക്കറ്റ് 7 ദിവസം**

**നിബന്ധനകൾ**

1. 5 രൂപയുടെ കോർട്ട്ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷ
2. കെട്ടിട നമ്പരും നമ്പർ ലഭിച്ച വർഷവും രേഖപ്പെടുത്തിയിരിക്കണം.

* **പൊളിച്ച കെട്ടിടത്തിന്റെ നികുതി ഒഴിവാക്കൽ 30 ദിവസം**

**നിബന്ധകൾ**

1. 5 രൂപയുടെ കോർട്ട്ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷയും കെട്ടിട നികുതി ഒടുക്കിയ രസീതും കെട്ടിട നികുതി അപ്പീൽ 30 ദിവസം.

**നിബന്ധനകൾ**

1. 5 രൂപയുടെ കോർട്ട്ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷയും കെട്ടിട നികുതി ഒടുക്കിയ രസീതും കെട്ടിട നികുതി അപ്പീൽ 30 ദിവസം.

**നിബന്ധനകൾ**

1. ചുമത്തിയ നികുതി ഒടുക്കി 30 ദിവസത്തിനുള്ളിൽ അപേക്ഷ ധനകാര്യ സ്റ്റാൻരിംഗ് കമ്മറ്റിക്ക് സമർപ്പിക്കുക.

* **സ്വകാര്യ ആശുപത്രി, പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ** (സമയപരിധി 10 ദിവസം, ഫീസ് 200 രൂപ)

**നിബന്ധനകൾ**

1. നിശ്ചിത ഫോറത്തിലുള്ള അപേക്ഷ 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച് സ്ഥലത്തിന്റെ ഉടമസ്ഥത തെളിയിക്കുന്ന രേഖ സഹിതം സമർപ്പിക്കുക.

* **ടി രജിസ്ട്രേഷൻ പുതുക്കൽ** (സമയപരിധി 10 ദിവസം, ഫീസ് 50 രൂപ)

**നിബന്ധനകൾ**

1. രജിസ്ട്രേഷൻ കാലാവധി അവസാനിക്കുന്നതിന് 30 ദിവസം മുമ്പ് നിശ്ചിത ഫോറത്തിലുള്ള അപേക്ഷ 5 രൂപ കോർട്ട്ഫീ സ്റ്റാമ്പ് പതിച്ച് നൽകുക.

* **വ്യാപാര സ്ഥാപനങ്ങൾക്കുള്ള ലൈസൻസ്**

(സമയപരിധി-വ്യാപാരം തുടങ്ങിക്കഴിഞ്ഞ്)

ഫീസ് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ നിശ്ചിത നിരക്ക്

**നിബന്ധനകൾ**

1. 5 രൂപ കോർട്ട്ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷ
2. പ്ലാസ്റ്റിക് നിരോധനം /സ്ഥലനാമം എന്നിവ സംബന്ധിച്ച സത്യവാങ്മൂലം
3. ഭക്ഷണസാധനങ്ങൾ ഉണ്ടാക്കുകയോ വിൽക്കുകയോ ചെയ്യണമെങ്കിൽ ഹെൽത്ത്കാർഡ് സാനിട്ടറി സർട്ടിഫിക്കറ്റ്.

4. കെട്ടിടം വാടകയ്ക്ക് എങ്കിൽ വാടകച്ചീട്ടിന്റെ കോപ്പിയും കെട്ടിട ഉടമസ്ഥന്റെ ലൈസൻസ് നൽകുന്നതിനുള്ള സമ്മതപത്രവും.
5. വ്യാപാരം ആരംഭിക്കുന്നതിനു 30 ദിവസം മുമ്പ് അപേക്ഷ നൽകിയിരിക്കണം.

കുറിപ്പ്: 1. നിലവിലുള്ള ലൈസൻസ് പുതുക്കുന്നതിന് സാമ്പത്തിക വർഷം അവസാനിക്കുന്നതിന് 30 ദിവസം മുമ്പ് അപേക്ഷ സമർപ്പിക്കണം.

2. നിശ്ചിത സമയത്തിനകം അപേക്ഷ നൽകിയിട്ടില്ലെങ്കിൽ പിഴ ഒടുക്കേണ്ടതാണ്.
3. ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷയിൽ നിരാപേക്ഷ/അനുമതിപത്രങ്ങളുടെ കുറഞ്ഞ കാലാവധി വരെ ലൈസൻസ് അനുവദിക്കുകയുള്ളൂ.

* **വ്യവസായ സ്ഥാപനങ്ങൾ, ഫാക്ടറികൾ സ്ഥാപിക്കുന്നതിനുള്ള അനുമതിക്കുള്ള അപേക്ഷ**

45 ദിവസം നിശ്ചിത നിരക്ക്

**നിബന്ധനകൾ**

1. നിശ്ചിത ഫോറത്തിലുള്ള അപേക്ഷ (5 രൂപ കോർട്ട്ഫീ സ്റ്റാമ്പ് പതിച്ചത്)
2. നിലവിൽ കെട്ടിടം ഇല്ലെങ്കിൽ കെ. പി. ബി. ആർ. അനുസരിച്ചുള്ള അപേക്ഷയും കെട്ടിടത്തിന്റെ പ്ലാൻ (ആവശ്യമുള്ള കോപ്പികൾ സഹിതം)
3. സൈറ്റ്പ്ലാൻ 100 മീറ്ററിനുള്ളിൽ സ്ഥിതി ചെയ്യുന്ന കെട്ടിടങ്ങൾ, സ്ഥാപനങ്ങൾ, കുടിവെള്ള സ്രോതസ്സുകൾ മുതലായവ രേഖപ്പെടുത്തിയത്.
4. കെട്ടിടം / സ്ഥലം സ്വന്തമല്ലെങ്കിൽ ഉടമസ്ഥന്റെ സമ്മതപത്രം, കരാറുടമ്പടി
5. **എ. താഴെപ്പറയുന്നവരിൽ നിന്നുള്ള നിരാക്ഷേപ പത്രങ്ങൾ**

1. മലിനീകരണ നിയന്ത്രണ ബോർഡ് (കൺസന്റ് റ്റു എസ്റ്റാബ്ലിഷ്-ജലം, വായു, ശബ്ദ-മലിനീകരണം ഉണ്ടാക്കുന്നവയെങ്കിൽ
2. ജില്ലാ മെഡിക്കൽ ആഫീസ് (ആരോഗ്യം)-പട്ടിക 5-ൽ പെടുന്നവ/25-ൽ കൂടുതൽ കുതിരശക്തിയുള്ള മോട്ടോറുകൾ ഉള്ള സ്ഥാപനങ്ങൾക്ക്.
3. അഗ്നിശമനസേനാ വകുപ്പ് (പട്ടിക 6-ൽ പെടുന്ന വ്യവസായങ്ങൾക്ക്)

* **ഡി ആന്റ് ഒ വ്യവസായങ്ങൾക്കുള്ള ലൈസൻസ് നിശ്ചിത നിരക്ക്**

**നിബന്ധനകൾ**

1. നിശ്ചിത ഫോറത്തിലഉള്ള അപേക്ഷ 5 രൂപാ കോർട്ട്ഫീ സ്റ്റാമ്പ് പതിച്ച്
2. കെട്ടിടം/സ്ഥലം ഉടമയുടെ സമ്മതപത്രം
3. പഞ്ചായത്ത് നൽകിയ അനുമതി പത്രത്തിന്റെ പകർപ്പ്
4. മലിനീകരണ നിയന്ത്രണ ബോർഡ്, ഡി. എം. ഒ., അഗ്നിശമന സേന തൊഴിൽ, ഫാക്ടറി ഇൻസ്പെക്ടർ എന്നിവരുടെ നിരാക്ഷേപ പത്രങ്ങൾ (ആവശ്യമുള്ള കേസിൽ)

* **ക്വാറികൾ, ക്രഷറുകൾ-അനുമതി അപേക്ഷ**

**നിബന്ധനകൾ**

1. നിശ്ചിത ഫോറത്തിലുള്ള അപേക്ഷ 5 രൂപ കോർട്ട്ഫീ സ്റ്റാമ്പ് പതിച്ച്
2. കെട്ടിടം/സ്ഥലം ഉടമയുടെ സമ്മതപത്രം
3. സ്ഥലത്തിന്റെ പ്ലാൻ, സ്കെച്ച്
4. സൈറ്റ് പ്ലാൻ (100 മീറ്ററിനുള്ളിൽ സ്ഥിതി ചെയ്യുന്ന കെട്ടിടങ്ങൾ, ആരാധനാലയങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, കുടിവെള്ള സ്രോതസ്സുകൾ മുതലായവ രേഖപ്പെടുത്തിയത്)
5. യന്ത്ര സാമഗ്രികൾ ഊർജ്ജ സ്രോതസ്സുകൾ എന്നിവയുടെ വിവരങ്ങൾ
6. നിരാക്ഷേപ പത്രം / അനുമതി പത്രം

a) മലിനീകരണ നിയന്ത്രണ ബോർഡ്

b) ജില്ലാ മെഡിക്കൽ ഓഫീസർ
c) അഗ്നിശമനസേനാ വകുപ്പ്
d) എക്സ്പ്ലോസ്സീവ് ലൈസൻസ്
e) മൈനിംഗ് ആൻഡ് ജിയോളജി
f) തൊഴിൽ വകുപ്പ്
g) ഫാക്ടറീസ് ഇൻസ്പെക്ടർ
h) പ്ലാസ്റ്റിംഗ് ലൈസൻസ്
(1948-ലെ ഫാക്ടറീസ് ആക്ടിന്റെ പരിധിയിൽ വരുന്ന സ്ഥാപനങ്ങൾക്ക് വൈദ്യുതി ഉപയോഗിക്കുന്നുവെങ്കിൽ 10 തൊഴിലാളികളിൽ കൂടുതലും ഇല്ലെങ്കിൽ 20 തൊഴിലാളികളിൽ തൂടുതലും)

* **ഡി. & ഒ. ക്വാറികൾ, ക്രഷറുകൾ-ലൈസൻസ്**

1. നിശ്ചിത ഫാറത്തിലുള്ള അപേക്ഷ (5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് സഹിതം)
2. കെട്ടിടം/ സ്ഥലം സ്വന്തമല്ലെങ്കിൽ ഉടമസ്ഥന്റെ നിയമാനുസൃത സമ്മതപത്രം
3. ഗ്രാമ പഞ്ചായത്തിൽനിന്നും നൽകിയിട്ടുള്ള സ്ഥാപനാനുമതി പത്രം/ലൈസൻസ്
4. സ്ഥലനാമം/പ്ലാസ്റ്റിക് നിരോധനം എന്നിവ സംബന്ധിച്ച സത്യവാങ്മൂലം

**5 എ) താഴെപ്പറയുന്നവരിൽനിന്നുള്ള നിരാക്ഷേപപ്രകാരം അനുമതി**

1. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം)
2. മലിനീകരണ നിയന്ത്രണ ബോർഡിന്റെ കൺസന്റ് റ്റൂ ഓപ്പറേറ്റ്
3. അഗ്നിശമനസേനാ വകുപ്പ്
4. എക്സ്പ്ലോസീവ് ലൈൻസ്
5. ബ്ലാസ്റ്റിംഗ് ലൈസൻസ്
6. ജിയോളജി വകുപ്പ്
7. തൊഴിൽ വകുപ്പ്
8. പഞ്ചായത്തിന്റെ അനുമതിപത്രം
9. ഫാക്ടറീസ് ഇൻസ്പെക്ടർ (വൈദ്യുതി ഉപയോഗിക്കുന്ന വ്യവസായമാണെങ്കിൽ 10 തൊഴിലാളികളിൽ കൂടുതലും വൈദ്യുതി ഉപയോഗിക്കാത്തതാണെങ്കിൽ 20 തൊഴിലാളികളിൽ കൂടുതലും ഉണ്ടെങ്കിൽ)

**ബി) നിരാക്ഷേപ പത്രങ്ങൾ ഹാജരാക്കിയിട്ടില്ലെങ്കിൽ അതിനപേക്ഷിക്കുന്നതിനാവശ്യമായിടത്തോളം കോപ്പികൾ**

കുറിപ്പ്:-1. നിശ്ചിത സമയത്തിനകം പുതിയവയ്ക്ക്, ആരംഭിക്കുന്നതിന് 30 ദിവസത്തിനുമുമ്പും അപേക്ഷ സമർപ്പിച്ചില്ലങ്കിൽ പിഴ ഈടാക്കണം.

സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് 30 ദിവസം മുമ്പും അപേക്ഷ സമർപ്പിച്ചില്ലെങ്കിൽ പിഴ ഈടാക്കണം.

2. ലൈസൻസ് ഫീ-പട്ടിക പ്രകാരം

* **മരാധിഷ്ഠിത വ്യവസായങ്ങൾ-അനുമതി അപേക്ഷ**

**നിബന്ധനകൾ**

1. നിശ്ചിത മാതൃകയിലുള്ള അപേക്ഷ
2. കെട്ടിടം/സ്ഥലം സംബന്ധിച്ച രേഖകൾ /സമ്മതപത്രങ്ങൾ.
3. സ്കെച്ച്പ്ലാൻ
4. സൈറ്റ്പ്ലാൻ (100 മീറ്ററിനുള്ളിൽ സ്ഥിതി ചെയ്യുന്ന കെട്ടിടങ്ങൾ, ആരാധനാലയങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, കുടിവെള്ള സ്രോതസ്സുഖൽ മുതലായവ രേഖപ്പെടുത്തിയത്)

5. **യന്ത്രസാമഗ്രികൾ ഊർജ്ജ സ്രോതസ്സുകൾ സംബന്ധിച്ച വിവരങ്ങൾ**
എ) നിരാക്ഷേപ പത്രങ്ങൾ ബി) വനം വകുപ്പ്
സി) ജില്ലാ മെഡിക്കൽ ഓഫീസർ ഡി) തൊഴിൽ വകുപ്പ്

* **വാർദ്ധക്യകാല പെൻഷൻ**

**നിബന്ധനകൾ**

1. ഫോട്ടോ പതിച്ച അപേക്ഷ
2. വയസ് തെളിയിക്കുന്നതിനുള്ള ഏതെങ്കിലും രേഖയുടെ പകർപ്പ് (സാക്ഷ്യപ്പെടുത്തിയത്)
എ) ജനന സർട്ടിഫിക്കറ്റ്
ബി) സ്കൂൾ സർട്ടിഫിക്കറ്റ്
സി) അസിസ്റ്റന്റ് സർജനിൽ കുറയാത്ത പദവിയിലുള്ള ഡോക്ടറുടെ സാക്ഷ്യപത്രം
3. റേഷൻ കാർഡിന്റെ കോപ്പി
4. ഇലക്ഷൻ ഐ. ഡി. കാർഡ്
5. കുടുംബ വാർഷിക വരുമാന പരിധി–1,00,000 രൂപയിൽ താഴെ വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കണം.
6. ആധാർ കാർഡ്
7. ബാങ്ക് അക്കൗണ്ട്

* **വിധവാ പെൻഷൻ**

**നിബന്ധനകൾ**

1. നിശ്ചിത ഫോറത്തിലുള്ള അപേക്ഷ
2. ആധാർ കാർഡ്
3. ഭർത്താവിന്റെ മരണ സർട്ടിഫിക്കറ്റ്
4. ഇലക്ഷൻ ഐ. ഡി. കാർഡിന്റെ പകർപ്പ്
5. കുടുംബ വാർഷിക വരുമാന പരിധി 1,00,000 രൂപയിൽ താഴെ
6. റേഷൻ കാർഡ്
7. പുനർവിവാഹം
8. ബാങ്ക് അക്കൗണ്ട്

* **വികലാംഗ പെൻഷൻ**

**നിബന്ധനകൾ**

1. നിശ്ചിത ഫോറത്തിലുള്ള അപേക്ഷ
2. അംഗവൈകല്യം തെളിയിക്കുന്നതിനുള്ള രേഖയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്
3. ഇലക്ഷൻ ഐ. ഡി. കാർഡ്
4. റേഷൻ കാർഡിന്റെ പകർപ്പ്
5. കുടുംബ വാർഷിക വരുമാന പരിധി 1,00,000 രൂപയിൽ താഴെ വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കണം.
6. അപേക്ഷകർക്ക് സ്വന്തമായി 250 രൂപയിൽ കൂടുതൽ മാസ വരുമാനമഉമ്ടാവരുത്.
7. ആധാർ കാർഡിന്റെ പകർപ്പ്
8. ബാങ്ക് അക്കൗണ്ടിന്റെ പകർപ്പ്

* **കർഷക തൊഴിലാളി പെൻഷൻ**
**നിബന്ധനകൾ**

1. നിശ്ചിത ഫോറത്തിലുള്ള അപേക്ഷ
2. കർഷകതൊഴിലാളി ക്ഷേമനിധി ബോർഡിൽനിന്നുള്ള വിടുതൽ സർട്ടിഫിക്കറ്റ്
3. ഇലക്ഷൻ ഐ. ഡി. കാർഡ്
4. റേഷൻ കാർഡിന്റെ പകർപ്പ്
5. കുടുംബ വരുമാന പരിധി 11000 രൂപ വരുമാന സർട്ടിഫിക്കറ്റ്
6. ആധാർ കാർഡിന്റെ പകർപ്പ്
7. ബാങ്ക് അക്കൗണ്ടിന്റെ പകർപ്പ്

* **50 വയസു കഴിഞ്ഞ അവിഹിതർക്കുള്ള പെൻഷൻ**
**നിബന്ധനകൾ**

1. നിശ്ചിത ഫോറത്തിലുള്ള അപേക്ഷ
2. വയസ് തെളിയിക്കുന്നതിനുള്ള ഏതെങ്കിലും രേഖ (സാക്ഷ്യപ്പെടുത്തിയത്)

എ) ജനന സർട്ടിഫിക്കറ്റ്
ബി) സ്കൂൾ സർട്ടിഫിക്കറ്റ്
സി) പാസ്പോർട്ട്
ഡി) ഡോക്ടറുടെ സാക്ഷ്യപത്രം

3. വിവാഹിതയല്ല എന്നുള്ള വില്ലേജാഫീസറുടെ സാക്ഷ്യപത്രം
4. ഇലക്ഷൻ ഐ. ഡി. കാർഡ്
5. റേഷൻ കാർഡിന്റെ കോപ്പി
6. കുടുംബ വാർഷിക വരുമാന പരിധി 1,00,000 രൂപയിൽ താഴെ വരുമാന സർട്ടിഫിക്കറ്റ്
7. അപേക്ഷകർക്ക് സ്വന്തമായി വരുമാനമുണ്ടാവരുത്.
8. ആധാർ കാർഡ്
9. ബാങ്ക് അക്കൗണ്ട് കോപ്പി.

* **തൊഴിൽരഹിത വേതനം**
**നിബന്ധനകൾ**

1. നിശ്ചിത ഫോറത്തിലുള്ള അപേക്ഷ (രണ്ട് പകർപ്പുകൾ)
2. എസ്. എസ്. എൽ. സി. ബുക്കിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്
3. എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ കാർഡിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്
4. ഇലക്ഷൻ ഐ. ഡി. കാർഡ്
5. റേഷൻ കാർഡിന്റെ കോപ്പി
6. പ്രതിമാസം 100 രൂപയിൽ കൂടുതൽ വരുമാനം ലഭിക്കുന്നില്ലെന്ന സത്യവാങ്മൂലം (അർഹത സ്വന്തമായി 100 രൂപയിൽ കൂടുതൽ വരുമാനമില്ലാത്തവർക്കുമാത്രം)
7. കുടുംബ വാർഷിക വരുമാന പരിധി 12000 രൂപ. വരുമാന സർട്ടിഫിക്കറ്റ്
8. വിദ്യാഭ്യാസ സ്ഥാപനത്തിൽനിന്നുള്ള വിടുതൽ സർട്ടിഫിക്കറ്റ് (റ്റി. സി.)

* **സാധുക്കളായ വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം**

**നിബന്ധനകൾ**

1. നിശ്ചിത ഫോറത്തിലുള്ള അപേക്ഷ
2. ഭർത്താവിന്റെ മരണ സർട്ടിഫിക്കറ്റ്
3. വിവാഹിതയാകുന്ന പെൺകുട്ടിയുടെ ജനന സർട്ടിഫിക്കറ്റ് സ്കൂൾരേഖ
4. അപേക്ഷകയും പരേതനായ ഭർത്താവുമാണ് പെൺകുട്ടികളുടെ മാതാപിതാക്കൾ എന്നു തെളിയിക്കുന്നതിനുള്ള രേഖ. അപേക്ഷകയുടെ നിയമാനുസൃത ഭർത്താവാണ് പെൺകുട്ടിയുടെ പിതാവ് എന്നു തെളിയിക്കുന്ന സർട്ടിഫിക്കറ്റ്.
5. വിവാഹം നിശ്ചയിച്ചതു സംബന്ധിച്ചരേഖ
6. അപേക്ഷകയ്ക്കും പെൺകുട്ടിയ്ക്കും ഇലക്ഷൻ കമ്മീഷൻ നൽകിയിട്ടുള്ള ഐ.ഡി. കാർഡിന്റെ പകർപ്പ്.
7. അപേക്ഷകയും പെൺകുട്ടിയും ഉൾപ്പെടുന്ന റേഷൻ കാർഡിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.
8. കുടുംബ വീതമായോ മാതാവിന്റെയോ, പിതാവിന്റെയോ ഇഷ്ടദാനമായോ പെൺകുട്ടിയുടെ പേരിലുള്ള വസ്തു, ആഭരണം, പണം മുതലായവ ഉൾപ്പെടെ 50000 രൂപയിൽ കവിയാത്തതാണെന്ന സാക്ഷ്യപത്രം.
9. കുടുംബ വരുമാന പരിധി പ്രതിവർഷം 12000/- രൂപ
10. വിവാഹ തീയതിക്ക് ഒരു മാസം മുമ്പുള്ള അപേക്ഷയല്ലെങ്കിൽ കാലതാമസം മാപ്പാക്കുന്നതിന് ജില്ലാ കളക്ടർക്ക് അപേക്ഷ.

## കൃഷിഭവനിൽ നിന്നുള്ള സേവനങ്ങൾ

1. മണ്ണുപരിശോധന: ഓരോ കർഷകന്റെയും പുരയിടത്തിലെ മണ്ണ് സാമ്പിൾ സൗജന്യമായി ജില്ലാ മണ്ണുപരിശോധനാ കേന്ദ്രത്തിൽ അയച്ചുകൊടുത്ത് പരിശോധനാഫലം കർഷകർക്ക് സൗജന്യമായി തപാലിൽ അയച്ചുകൊടുക്കും. പരിശോധനാ ഫീസ് 50 രൂപ ഉള്ളത് സൗജന്യമായി ചെയ്തുകൊടുക്കുന്നു.

2. വളം സാമ്പിൾ പരിശോധന: പഞ്ചായത്തിന്റെ പരിധിയിലുള്ള ലൈസൻസുള്ള വളം ഡിപ്പോകളിൽ നിന്നും വളത്തിന്റെ സാമ്പിൾ രാസവളഗുണനിയന്ത്രണ ലബോറട്ടറി തിരുവനന്തപുരത്ത് അയച്ചുകൊടുത്ത് ഗുണമേന്മ ലഭ്യമാക്കുന്നു.

3. പ്രകൃതിക്ഷോഭം, ദുരിതാശ്വാസം: പ്രകൃതിക്ഷോഭംമൂലം കൃഷിനാശം സംഭവിച്ച വിളകൾക്ക് നഷ്ടപരിഹാരം നൽകുന്നു.

4. കാർഷിക വിള ഇൻഷ്വറൻസ്: പ്രകൃതിക്ഷോഭംമൂലം കൃഷിനാശം സംഭവിക്കുന്ന വിളകൾ നിശ്ചിത തുക നൽകി ഇൻഷ്വർ ചെയ്തിട്ടുണ്ട് എങ്കിൽ വിള ഇൻഷ്വറൻസ് പദ്ധതിയുടെ ആനുകൂല്യം ലഭ്യമാകുന്നു.

5. സ്മോൾഫാം മെക്കനൈസേഷൻ: കർഷകർക്ക് കാർഷിക ഉപകരണങ്ങളായ സ്പ്രേയർ, പമ്പുസെറ്റ്, പുല്ലുവെട്ടി ഇവ വാങ്ങുന്നതിന് 50% വരെ സബ്സിഡി നൽകുന്നു.

6. ബയോഗ്യാസ്: ദേശീയ ബയോഗ്യാസ് വികസന പദ്ധതിയുടെ ഭാഗമായി ബയോഗ്യാസ് പണിയുന്ന കർഷകർക്ക് ആനുകൂല്യം നൽകുന്നു.

7. ആത്മ: ടി പദ്ധതിയുടെ കീഴിൽ പ്രദർശനത്തോട്ടം, സ്റ്റഡി ടൂർ തുടങ്ങിയവയ്ക്ക് 90% ഫണ്ട് അനുവദിക്കാവുന്നതാണ്.

8. മണ്ണിര കമ്പോസ്റ്റ് യൂണിറ്റ്; ജൈവകൃഷിയുടെ ഭാഗമായി മണ്ണിര കമ്പോസ്റ്റ് യൂണിറ്റിന് 50% സബ്സിഡി പരമാവധി 30000 രൂപ വരെ ആനുകൂല്യം അനുവദിക്കാവുന്നതാണ്.

9. കാർഷികാവശ്യത്തിന് സൗജന്യ വൈദ്യുതി: കാർഷികാവശ്യത്തിനായി ഉപയോഗിക്കുന്ന പമ്പുസെറ്റിനുള്ള കറന്റ് ചാർജ്ജ് കർഷകർക്ക് സൗജന്യമായി നൽകുന്നതാണ്.

10. കർഷക പെൻഷൻ: 60 വയസ് തികഞ്ഞ ചെറുകിട നാമമാത്ര കർഷകർക്ക് പ്രതിമാസം 600 രൂപാ നിരക്കിൽ അനുവദിക്കുന്നതാണ്. ടി തുക കർഷകന്റെ അക്കൗണ്ടിലേക്ക് വരവു വയ്ക്കുന്നതാണ്.

11. തരിശുനില കൃഷി വികസനം: നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ടി പദ്ധതി പ്രകാരം ഹെക്ടറിന് 5000 രൂപ ആനുകൂല്യം നൽകുന്നതാണ്.

12. SHM (സ്റ്റേറ്റ് ഹോർട്ടി കൾച്ചറൽ മിഷൻ): ടി പദ്ധതി പ്രകാരം 50% വരെ സബ്സിഡി അനുവദിക്കുന്നതാണ്.

14. നടീൽ വസ്തുക്കളുടെ വിതരണം: നടീൽ വസ്തുക്കളായ തെങ്ങിൻതൈ, വേരുപിടിപ്പിച്ച കുരുമുളകുവള്ളി, ഫലവൃക്ഷതൈകൾ, പച്ചക്കറി വിത്തുകൾ തുടങ്ങിയവ കർഷകർക്ക് ന്യായവിലയ്ക്ക് ലഭ്യമാക്കുന്നു.

15. ജനകീയാസൂത്രണം: കൃഷിഭവൻവഴി ടി പദ്ധതിപ്രകാരം വിവിധ പദ്ധതികൾക്ക് ആനുകൂല്യം ലഭ്യമാക്കുന്നു.

16. ദേശീയ വാട്ടർ ഷെഡ് പദ്ധതി: പഞ്ചായത്തിന്റെ പരിധിയിലുള്ള വാട്ടർഷെഡ് പദ്ധതി പ്രദേശത്തുള്ളവർക്കായി വിവിധ സ്കീമുകളിലൂടെ കർഷകർക്ക് ആനുകൂല്യങ്ങൾ നൽകുന്നു.

17. അഗ്രോ ക്ലിനിക്ക്: എല്ലാ വാർഡുകലിലും കർഷകരുടെ സംശയങ്ങൾ ദുരീകരിക്കുന്നതിനായി അഗ്രോ ക്ലിനിക്കുകൾ നടത്തുന്നു.

18. നെൽകൃഷി ഉല്പാദന ബോണസ്: നെൽകർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനായി ടി ആനുകൂല്യങ്ങൾ നൽകുന്നു.

19. ഭക്ഷ്യസുരക്ഷ: ഭക്ഷ്യസുരക്ഷയുടെ ഭാഗമായി കൂടുതൽ സ്ഥലത്ത് നെൽകൃഷി, കിഴങ്ങുവർഗ്ഗ വിലകൾ എന്നിവയുടെ കൃഷി വ്യാപിപ്പിക്കുന്നതിന് ആനുകൂല്യങ്ങൾ നൽകുന്നു.

| വി. ഇ. ഒ. | | | | |
|---|---|---|---|---|
| ക്രമ നമ്പർ | ലഭ്യമാകുന്ന സേവനങ്ങളുടെ വിവരണം | അപേക്ഷകർ പാലിക്കേണ്ട നിബന്ധനകൾ | സേവനം ലഭ്യമാകുന്ന സമയ പരിധി | അടയ്ക്കേണ്ട ഫീസ് |
| 1. | ഗ്രാമ വികസന വകുപ്പിനു കീഴിൽ നടപ്പിലാക്കുന്ന വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികളെ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാണ്. | പ്രവത്തി ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് 1 മണി വരെ | തൽസമയം | ഇല്ല |
| 2. | ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളുടെ ലിസ്റ്റ് (ബി. പി. എൽ.) | പ്രവത്തി ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് 1 മണി വരെ | തൽസമയം | ഇല്ല |
| 3. | സ്വർണ്ണ ജയന്തി ഗ്രാമസ്വരാജ്, റസ്ഗാർ യോജന (എസ്. ജി. എസ്. വൈ.) പദ്ധതി മുഖേന യുള്ള സ്വയം തൊഴിൽ സംരംഭ ങ്ങൾക്കുള്ള അപേക്ഷ | റേഷൻ കാർഡ്, ഭൂനികുതി, കെട്ടിട നികുതി രസീതുകൾ, പദ്ധതിക്കാവശ്യമായ ഉപകരണ ങ്ങളുടെ ക്വട്ടേഷൻ തുടങ്ങി യവ ഹാജരാക്കണം. | അർഹരായവരുടെ അപേക്ഷകൾ 7 ദിവസ ത്തിനുള്ളിൽ ബി. ഡി.ഒ. സമർപ്പിക്കും. | |
| 4. | ഇന്ദിരാ ആവ്സ് യോജന (ഐ.എ.വൈ.) പ്രകാരം നിർമ്മി ക്കുന്ന വീടുകളുടെയും പുനഃരു ദ്ധാരണ പ്രവർത്തികളുടെ സ്റ്റേജ് സർട്ടിഫിക്കറ്റ്. | നിയമപ്രകാരമുള്ള പ്രവൃത്തി പൂർത്തീകരിച്ചിരിക്കണം. | അപേക്ഷകൾ ലഭിച്ച് 5 ദിവസത്തിനകം | ഇല്ല. |
| 5. | സ്വയം സഹായ സംഘങ്ങളുടെ രൂപീകരണം (എസ്.എച്ച്.ജി.) | ബി. പി. എൽ. കുടുംബാംഗ ങ്ങൾ ആയിരിക്കണം. ചുരുങ്ങി യത് 10 കുടുംബങ്ങൾ ഉണ്ടായിരിക്കണം. | | ഇല്ല. |
| **സാമൂഹ്യക്ഷേമം-അംഗൻവാടികൾ** | | | | |
| 1. | അനുപൂരക പോഷകാഹാര വിതരണം 6 വയസിനു താഴെ യുള്ള കുട്ടികൾക്കും ഗർഭിണികൾ ക്കും, മുലയൂട്ടുന്നവർക്കും | ഗർഭിണിയാണെന്ന് അറിഞ്ഞ യുടനെ അടുത്തുള്ള അംഗൻ വാടിയിൽ രജിസ്റ്റർ ചെയ്യുക. | ഗർഭിണികൾ പ്രസവിച്ച് 6 മാസം വരെയും കുട്ടിയ്ക്ക് 6 വയസ് പൂർത്തിയാകുന്ന തുവരെയും. | ഇല്ല |
| 2. | രോഗ പ്രതിരോധ കുത്തിവെയ്പ് ഗർഭിണികൾക്കും കുട്ടികൾക്കും | ഗർഭിണിയാണെന്ന് അറിഞ്ഞയു ടനെ അടുത്തുള്ള അംഗൻവാടി യിൽ രജിസ്റ്റർ ചെയ്യുക. | | ഇല്ല |
| 3. | അനൗപചാരിക പ്രീസ്കൂൾ വിദ്യാഭ്യാസം 3 വയസിനും 6 വയ സിനും ഇടയിൽ | 3 വയസ്സായ കുട്ടികളെ അംഗൻവാടിയിൽ ചേർക്കുക. | ഗർഭിണികൾ പ്രസവിച്ച് 6 മാസം വരെയും കുട്ടിയ്ക്ക് 6 വയസ് പൂർത്തിയാകുന്ന തുവരെയും | ഇല്ല |

| ക്രമ നമ്പർ | ലഭ്യമാകുന്ന സേവനങ്ങളുടെ വിവരണം | അപേക്ഷകർ പാലിക്കേണ്ട നിബന്ധനകൾ | സേവനം ലഭ്യമാകുന്ന സമയ പരിധി | അടയ്ക്കേണ്ട ഫീസ് |
|---|---|---|---|---|
| 4. | ആരോഗ്യ പരിശോധന (കുട്ടികൾക്കും അമ്മമാർക്കും) | അംഗൻവാടിയിൽ പേര് രജിസ്റ്റർ ചെയ്യുക. | സമയപരിധിയില്ല | ഇല്ല |
| 5. | 3 വയസിൽ താഴെയുള്ള എല്ലാ കുട്ടികൾക്കും (ആവശ്യമെങ്കിൽ) THRS മാസം 25 ദിവസത്തേക്ക് നൽകുന്നു. | അംഗൻവാടിയിൽ പേര് രജിസ്റ്റർ ചെയ്യുക. | സമയപരിധിയില്ല. | ഇല്ല |
| 6. | ആരോഗ്യപോഷണ വിദ്യാഭ്യാസം 15 നും 45 നും ഇടയിലുള്ള സ്ത്രീകൾക്ക് | അംഗൻവാടി കേന്ദ്രീകരിച്ച് ആരോഗ്യ പ്രവർത്തകരും മറ്റും നടത്തുന്ന ക്യാമ്പിലൂടെ മാസം തോറും നടത്തുന്ന ക്ലാസ്സുകളിലൂടെയും | പലതവണ | ഇല്ല |
| 7. | കുട്ടികളുടെ വളർച്ചാനിരക്ക് രേഖപ്പെടുത്തുന്ന ആരോഗ്യ ചാർജ് | അമ്മമാർ കുഞ്ഞുങ്ങളുടെ ജനനം മുതൽ 6 വയസു വരെയുള്ള കുട്ടികളുടെ വളർച്ചാതോത് അംഗൻവാടിയിൽ അന്വേഷണം | മാസത്തിലെ ആദ്യത്തെ ആഴ്ച | ഇല്ല |
| 8. | ആരോഗ്യരക്ഷാ റഫറൽ സർവ്വീസ് ചാർട്ട് | അംഗൻവാടിയിൽ രജിസ്റ്റർ ചെയ്ത 3 വയസിനും 6 വയസിനും ഇടയിലുള്ള കുട്ടികൾക്ക് താല്കാലിക ശ്വാസത്തിനുള്ള മരുന്ന് നൽകി തൊട്ടടുത്ത പി. എച്ച്. സി. യിലേക്ക് റഫർ ചെയ്യുന്നു. | തൽസമയം | ഇല്ല |
| 9. | കുട്ടികളുടെ വളർച്ചാനിരക്ക് രേഖപ്പെടുത്തുന്ന ആരോഗ്യ ചാർട്ട് | അംഗൻവാടിയിൽ 11 വയസിനും 19 വയസിനും ഇടയിലുള്ള കൗമാരപ്രായക്കാരായ പെൺകുട്ടികൾക്കുള്ള ക്ലബ്ബിൽ രജിസ്റ്റർ ചെയ്യുക. | | ഇല്ല |

| സാമൂഹ്യ ആരോഗ്യകേന്ദ്രവും, സബ് സെന്ററുകളും | | | |
|---|---|---|---|
| ക്രമ നമ്പർ | ലഭ്യമാകുന്ന സേവനങ്ങൾ | സേവനം ലഭ്യമാകുന്ന സമയ പരിധി | കാലപരിധി |
| 1. | പി. എച്ച്. സി. യിൽ എല്ലാ ദിവസവും ഡോക്ടറുടെ സേവനം ലഭ്യമാണ്. രോഗികളെ പരിശോധിക്കുകയും ചികിത്സ നിർണ്ണയിക്കുകയും മരുന്നുകൾ വിതരണം ചെയ്യുന്നതുമാണ്. കിടത്തി ചികിത്സയും ലഭ്യമാണ്. | രാവിലെ 9 മണി മുതൽ ഉച്ചയ്ക്ക് 1 മണി വരെ | |
| 2. | ഗർഭിണികളെ പരിശോധിക്കുകയും കുത്തിവയ്ക്കലും രക്തപരിശോധന, അയൺ ഗുളിക, കാൽസ്യം ഗുളിക | എല്ലാ തിങ്കളാഴ്ചയും രാവിലെ 8 മണി മുതൽ ഉച്ചക്ക് 1 മണി വരെ പി.എച്ച്.സി. യിൽ | |
| 3. | പഞ്ചായത്തിലെ സ്കൂളുകളിലെ വിദ്യാർത്ഥികൾക്കും സൗജന്യ ആരോഗ്യപരിശോധനയും, ചികിത്സ, റഫറൽ, ടി. ടി. ഇമ്മ്യൂണൈസേഷൻ നൽകുന്നു. കുത്തിവയ്പ് 5, 10 സ്റ്റാൻഡേർഡിലെ വിദ്യാർത്ഥികൾക്കുമാത്രം. | വർഷത്തിൽ ഒരു തവണ | |
| 4. | പെൺകുട്ടികളുടെ പദവി ഉയർത്തൽ, വികലാംഗ പെൻഷൻ, പ്രസവാനന്തര ആനുകൂല്യം എന്നീ പദ്ധതികൾക്കുള്ള അപേക്ഷയിന്മേൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നു. | | 7 ദിവസം |
| 5. | വിവിധ പെൻഷനുകൾക്കും മറ്റാനുകൂല്യങ്ങൾക്കുംവേണ്ടിയുള്ള വയസ് തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ് നൽകുന്നു. | ഇല്ല | തൽസമയം |
| 6. | മാഞ്ഞൂർ പഞ്ചായത്തിലെ അംഗൻവാടികളും ശിശുമന്ദിരവും കേന്ദ്രീകരിച്ച് പൊതുജനങ്ങൾക്ക് ആരോഗ്യബോധവൽക്കരണ ക്ലാസ്സുകളും മറ്റ് മാർഗ്ഗനിർദ്ദേശങ്ങളും നൽകുന്നു. | സർക്കാർ നിർദ്ദേശാനുസരണം | |
| 7. | പി.എച്ച്.സി. സബ്സെന്ററുകൾവഴി ക്ഷയരോഗ ചികിത്സ, കുഷ്ഠരോഗ നിർണ്ണയ ചികിത്സ നടത്തുന്നു. | സർക്കാർ നിർദ്ദേശാനുസരണം | |
| 8. | പൾസ് പോളിയോ ഇമ്മ്യൂണൈസേഷൻ പ്രോഗ്രാം | സർക്കാർ നിർദ്ദേശാനുസരണം | |
| 9. | മന്ത് രോഗ പ്രതിരോധ പരിപാടി | സർക്കാർ നിർദ്ദേശാനുസരണം | |
| 10. | നവജാത ശിശുക്കളുടെ പരിചരണ നിർദ്ദേശങ്ങൾ നൽകുന്നു. | സർക്കാർ നിർദ്ദേശാനുസരണം | |
| 11. | പ്രതിരോധ ചികിത്സയെക്കുറിച്ചുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നു. | സർക്കാർ നിർദ്ദേശാനുസരണം | |
| 12. | ജനനേന്ദ്രിയ രോഗനിർണ്ണയവും ചികിത്സയും | സർക്കാർ നിർദ്ദേശാനുസരണം | |

| ക്രമ നമ്പർ | ലഭ്യമാകുന്ന സേവനങ്ങൾ | സേവനം ലഭ്യമാകുന്ന സമയ പരിധി | കാലപരിധി |
|---|---|---|---|
| 13. | എല്ലാ ബുധനാഴ്ചയും 5 വയസുവരെയുള്ള കുട്ടികളുടെ പ്രതിരോധ കുത്തിവയ്പ് | സി. എച്ച്. സി. വഴി | |
| 14. | എയ്ഡ്സ്, എലിപ്പനി, കൊതുകുജന്യ രോഗങ്ങൾ തുടങ്ങിയ വയ്ക്കെതിരെ ബോധവൽക്കരണ പരിപാടി | സി.എച്ച്.സി. സബ് സെന്ററുകൾ വഴി | |
| 15. | അന്ധർ, വികലാംഗർ, അനാഥ ദമ്പതികൾ ഇവയുടെ സർവ്വേ പ്രവർത്തനം നടത്തുന്നു. | പി.എച്ച്.സി. സബ് സെന്ററുകൾ വഴി | |
| 16. | ഗർഭിണികൾ, കുട്ടികൾ ഇവരിൽ കാണുന്ന വിളർച്ച തടയാനുള്ള ഗുളിക വിതരണം | പി. എച്ച്. സി. സബ്സെന്ററുകൾ വഴി | |
| 17. | അന്ധതാ നിവാരണത്തിന് വൈറ്റമിൻ എ, തിമിരരോഗ നിർണ്ണയം (തിങ്കൾ, ബുധൻ, വെള്ളി) | പി. എച്ച്. സി. സബ്സെന്ററുകൾ വഴി | |
| 18. | വയറിളക്കത്തിനുള്ള പ്രാഥമിക ചികിത്സ ഒ. ആർ. എസ്. നൽകുന്നു. | പി. എച്ച്. സി. സബ്സെന്ററുകൾ, അംഗൻവാടികൾ, ആയമാർ വഴി. | |
| 19. | ദമ്പതികൾക്കായുള്ള താൽക്കാലിക ഗുളിക വിതരണം ചെയ്യുന്നു. | പി. എച്ച്. സി. സബ്സെന്ററുകൾ വഴി | |
| 20. | കോപ്പർ ടി നിക്ഷേപം, ജറിയാട്രിക് കെയർ - ഉപദേശ നിർദ്ദേശങ്ങൾ. | പി. എച്ച്. സി. സബ്സെന്ററുകൾ വഴി | |
| 21. | രണ്ടുമാസത്തിലൊരിക്കൽ ഓരോ വീടും സന്ദർശിക്കുകയും ഗൃഹസന്ദർശനവേളകളിൽ ഗർഭിണികൾക്ക് ഉപദേശ നിർദ്ദേശ ങ്ങളും പ്രസവാനന്തരം പ്രസവ ശുശ്രൂഷ നിർദ്ദേശങ്ങളും നൽകുന്നു. ശിശു സംരക്ഷണം, പരിസരശുചിത്വം. | | |
| 22. | പാലിയേറ്റീവ് കെയർ - കിടപ്പുരോഗികളുടെ വീട് സന്ദർശിച്ച് ആവശ്യമായ പരിചരണം നൽകുന്നു. | | |

## ഗവ. ആയുർവ്വേദ ഡിസ്പെൻസറി

| ക്രമ നമ്പർ | ലഭ്യമാകുന്ന സേവനങ്ങളുടെ വിവരണം | അപേക്ഷകർ പാലിക്കേണ്ട നിബന്ധനകൾ | സേവനം ലഭ്യമാകുന്ന സമയ പരിധി | അടയ്ക്കേണ്ട ഫീസ് |
|---|---|---|---|---|
| 1. | ഡോക്ടറുടെ സേവനം | കാലത്ത് 9 മണി മുതൽ ഉച്ചക്ക് 1 മണി വരെയും ചികിത്സാ സൗകര്യം ലഭ്യമാക്കുന്നു. | തൽസമയം | ഇല്ല |
| 2. | മെഡിക്കൽ സർട്ടിഫിക്കറ്റ് | ആവശ്യക്കാർ ഡ്യൂട്ടി സമയത്ത് നേരിട്ട് ഹാജരാകണം. | തൽസമയം | 40 രൂപ |
| 3. | ലൈഫ് സർട്ടിഫിക്കറ്റ് | ആവശ്യക്കാർ പെൻഷൻ പേമെന്റ് ഓർഡർ സഹിതം നേരിട്ട് ഡോക്ടറെ സമീപിക്കണം. | തൽസമയം | ഇല്ല |
| 4. | ഏജ് സർട്ടിഫിക്കറ്റ് | റേഷൻ കാർഡ് അല്ലെങ്കിൽ തിരിച്ചറിയൽ കാർഡ് ഇവയിലേതെങ്കിലും ഒന്ന് സഹിതം ഡ്യൂട്ടി സമയത്ത് ഡോക്ടറെ സമീപിക്കണം. | തൽസമയം | ഇല്ല |
| 5. | ഒപ്പും പകർപ്പും സാക്ഷ്യപ്പെടുത്തൽ | ഒപ്പു സാക്ഷ്യപ്പെടുത്തൽ സാക്ഷ്യ ടുത്തേണ്ട രേഖസഹിതം ഡ്യൂട്ടി ഡോക്ടറെ നേരിട്ട് സമീപിക്കുക പകർപ്പ് സാക്ഷ്യപ്പെടുത്തുവാൻ അസ്സൽ സഹിതം ഡ്യൂട്ടി ഡോക്ടറെ ഡ്യൂട്ടി സമയത്ത് സമീപിക്കുക. | തൽസമയം | ഇല്ല |
| 6. | സ്വഭാവ സർട്ടിഫിക്കറ്റ് | ഒപ്പു സാക്ഷ്യപ്പെടുത്തുവാൻ വേണ്ട രേഖസഹിതം ഡോക്ടറെ ഡ്യൂട്ടി സമയത്ത് നേരിട്ട് സമീപിക്കുക. പകർപ്പ് സാക്ഷ്യപ്പെടുത്താൻ അസ്സൽ സഹിതം ഡ്യൂട്ടി ഡോക്ടറെ സമീപിക്കുക. | തൽസമയം | |

| ഗവ. ഹോമിയോ ഡിസ്പെൻസറി | | | | |
|---|---|---|---|---|
| ക്രമ നമ്പർ | ലഭ്യമാകുന്ന സേവനങ്ങളുടെ വിവരണം | അപേക്ഷകർ പാലിക്കേണ്ട നിബന്ധനകൾ | സേവനം ലഭ്യമാകുന്ന സമയ പരിധി | അടയ്ക്കേണ്ട ഫീസ് |
| 1. | ഡോക്ടറുടെ സേവനം | കാലത്ത് 9 മണി മുതൽ ഉച്ചക്ക് 1 മണി വരെയും 2 മണി മുതൽ 3 വരെയും ചികിത്സാ സൗകര്യം ലഭ്യമാക്കുന്നു. | തൽസമയം | ഇല്ല |
| 2. | മെഡിക്കൽ സർട്ടിഫിക്കറ്റ് | ആവശ്യക്കാർ ഡ്യൂട്ടി സമയത്ത് നേരിട്ട് ഹാജരാകണം. | തൽസമയം | 40 രൂപ |
| 3. | ലൈഫ് സർട്ടിഫിക്കറ്റ് | ആവശ്യക്കാരൻ പെൻഷൻ പേമെന്റ് ഓർഡർ സഹിതം നേരിട്ട് ഡോക്ടറെ സമീപിക്കണം. | തൽസമയം | ഇല്ല |
| 4. | ഏജ് സർട്ടിഫിക്കറ്റ് | റേഷൻ കാർഡ് അല്ലെങ്കിൽ തിരിച്ചറിയൽ കാർഡ് ഇവയിലേതെങ്കിലും ഒന്ന് സഹിതം ഡ്യൂട്ടി സമയത്ത് ഡോക്ടറെ സമീപിക്കണം | തൽസമയം | ഇല്ല |
| 5. | ഒപ്പും പകർപ്പും സാക്ഷ്യപ്പെടുത്തൽ | ഒപ്പു സാക്ഷ്യപ്പെടുത്താൻ സാക്ഷ്യപ്പെടുത്തേണ്ട രേഖ സഹിതം ഡ്യൂട്ടി ഡോക്ടറെ ഡ്യൂട്ടി സമയത്ത് നേരിട്ട് സമീപിക്കുക. പകർപ്പ് സാക്ഷ്യപ്പെടുത്താൻ അസ്സൽ സഹിതം ഡോക്ടറെ സമീപിക്കുക. | തൽസമയം | ഇല്ല |
| 6. | ഫിറ്റ്നസ് സർട്ടിഫക്കറ്റ് | ഒപ്പു സാക്ഷ്യപ്പെടുത്താൻ സാക്ഷ്യത്തേണ്ട രേഖ സഹിതം ഡോക്ടറെ ഡ്യൂട്ടി സമയത്ത് നേരിട്ട് സമീപിക്കുക. പകർപ്പ് സാക്ഷ്യപ്പെടുത്താൻ അസ്സൽ സഹിതം ഡ്യൂട്ടി ഡോക്ടറെ നേരിട്ട് സമീപിക്കുക. | തൽസമയം | ഇല്ല |
| 7. | സ്വഭാവ സർട്ടിഫിക്കറ്റ് | ഒപ്പു സാക്ഷ്യപ്പെടുത്താൻ സാക്ഷ്യപ്പെടുത്തേണ്ട വേണ്ട രേഖ സഹിതം ഡ്യൂട്ടി സമയത്ത് നേരിട്ട് സമീപിക്കുക. പകർപ്പ് സാക്ഷ്യപ്പെടുത്താൻ അസ്സൽ സഹിതം ഡ്യൂട്ടി ഡോക്ടറെ നേരിട്ട് സമീപിക്കുക. | തൽസമയം | ഇല്ല |

## മൃഗ സംരക്ഷണ വകുപ്പ് – പൗരന്മാർക്കുള്ള അവകാശങ്ങൾ

| ക്രമ നമ്പർ | ലഭ്യമാകുന്ന സേവനങ്ങളുടെ വിവരണം | അപേക്ഷകർ പാലിക്കേണ്ട നിബന്ധനകൾ | സേവനം ലഭ്യമാകുന്ന സമയ പരിധി | അടയ്ക്കേണ്ട ഫീസ് |
|---|---|---|---|---|
| 1. | മൃഗങ്ങളുടെ രോഗപരിശോധനയും രോഗനിർണ്ണയ ചികിത്സയും | കാലത്ത് 9 മണി മുതൽ ഉച്ചക്ക് 1 മണി വരെയും 2 മുതൽ 3 വരെയും ചികിത്സാ സൗകര്യം ലഭ്യമാകുന്നു. | തൽസമയം | ഇല്ല |
| 2. | പശുക്കളുടെയും കിടാരികളെയും കൃത്രിമ ബീജസങ്കലനം | മദിലക്ഷണം തുടങ്ങി 24 മണിക്കൂറിനുള്ളിൽ ഉരുക്കളെ ഡോക്ടറുടെ സമീപമെത്തിക്കുക. | തൽസമയം | ഇല്ല |
| 3. | കന്നുകാലികളുടെ ഗർഭപരിശോധനയും വന്ധ്യതാ നിവാരണ ചികിത്സയും | ഡ്യൂട്ടി സമയത്ത് ഡോക്ടറെ സമീപിക്കുക. | തൽസമയം | 5 രൂപ |
| 4. | കന്നുകാലികൾക്ക് പകർച്ച വ്യാധികൾക്കെതിരെ കുത്തിവയ്പ് നടത്തി സർട്ടിഫിക്കറ്റ് നൽകൽ | ഡ്യൂട്ടി സമയത്ത് ഡോക്ടറെ സമീപിച്ച് കുത്തി വയ്പിനുള്ള വാക്സിൻ ലഭ്യമാക്കുക. | തൽസമയം | 5 രൂപ |
| 5. | വളർത്തുനായ്ക്കൾക്ക് പേവിഷബാധക്കെതിരെ കുത്തിവയ്പ് നടത്തി സർട്ടിഫിക്കറ്റ് നൽകൽ | ഡ്യൂട്ടി സമയത്ത് ഡോക്ടറെ സമീപിച്ച് കുത്തി വയ്പിനുള്ള വാക്സിൻ ലഭ്യമാക്കുക. | തൽസമയം | ഇല്ല |
| 6. | വളർത്തുമൃഗങ്ങൾക്ക് ഇൻഷുറൻസ് സംരക്ഷണം | ഡ്യൂട്ടി സമയത്ത് ഡോക്ടറെ സമീപിക്കുക (ഇൻഷുറൻസ് പ്രീമിയം ഗുണഭോക്താവ് നിർദ്ദേശാനുസരണം അടയ്ക്കണം) | തൽസമയം | ഇല്ല |
| 7. | മൃഗങ്ങളുടെ പരിപാലനം ഭക്ഷണക്രമം, ഇണചേർക്കൽ മുതലായവയെക്കുറിച്ചുള്ള സംശയനിവാരണം | ഡ്യൂട്ടി സമയത്ത് ഡോക്ടറെ സമീപിക്കുക | തൽസമയം | ഇല്ല |
| 8. | മൂരികളുടെ വന്ധ്യകരണം, മൂക്ക് തുളയ്ക്കൽ | ഡ്യൂട്ടി സമയത്ത് ഡോക്ടറെ സമീപിക്കുക. | തൽസമയം | ഇല്ല |
| 9. | ഒപ്പും പകർപ്പും സാക്ഷ്യപ്പെടുത്തൽ | ഒപ്പു സാക്ഷ്യപ്പെടുത്താൻ ഡ്യൂട്ടി സമയത്ത് നേരിട്ട് ഹാജരായി ഒപ്പ് ആവശ്യമുള്ള രേഖയിൽ ഡോക്ടറുടെ മുമ്പാകെ ഒപ്പ് ഇടുക. പകർപ്പ് സാക്ഷ്യപ്പെടുത്താൻ പകർപ്പും അസ്സലും നേരിട്ട് ഹാജരാക്കുക. | തൽസമയം | ഇല്ല |
| | **b) ഐ. സി. ഡി. പി. സബ് സെന്റർ** | | | |
| 1. | പശുക്കളുടേയും കിടാരികളുടെയും കൃത്രിമ ബീജസങ്കലനം | മദിലക്ഷണം തുടങ്ങി 24 മണിക്കൂറിനുള്ളിൽ ഉരുക്കളെ ഡോക്ടറുടെ സമീപമെത്തിക്കുക | തൽസമയം | ഇല്ല |
| 2. | കന്നുകാലികളുടെ ഗർഭപരിശോധന | ഡ്യൂട്ടി സമയത്ത് ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടറെ സമീപിക്കുക | തൽസമയം | ഇല്ല |
| 3. | മൂരികളുടെ വന്ധ്യകരണം | ഡ്യൂട്ടി സമയത്ത് ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടറെ സമീപിക്കുക. | തൽസമയം | ഇല്ല |